പോലീസ് വകുപ്പിലെ പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ/വുമൺ പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ– കാറ്റഗറി നമ്പർ 427/2024, ഒന്നാം എൻ.സി.എ.–എസ്.സി.സി.സി. (കാറ്റഗറി നമ്പർ 544/2024) എന്നീ തസ്തികകളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉദ്യോഗാർത്ഥികൾക്കുള്ള ഹെവി വാഹന ഡ്രൈവിംഗ് പ്രായോഗിക പരീക്ഷ (T–ടെസ്റ്റ്, റോഡ് ടെസ്റ്റ്) 2026 മാർച്ച് 03 മുതൽ മാർച്ച് 13 വരെ എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ വച്ചു നടത്തുന്നു. അർഹരായ എല്ലാ ഉദ്യോഗാർത്ഥികൾക്കും പ്രൊഫൈൽ മെസ്സേജ്, എസ്.എം.എസ്. എന്നിവ നൽകിയിട്ടുള്ളതും, അഡ്മിഷൻ ടിക്കറ്റ് ഒ.ടി.ആർ. പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുള്ളതുമാണ്. അഡ്മിഷൻ ടിക്കറ്റിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ യോഗ്യതകൾ തെളിയിക്കുന്ന പ്രമാണങ്ങൾ, ഡ്രൈവിംഗ് ലൈസൻസ്, ഡ്രൈവിംഗ് ലൈസൻസ് പർട്ടിക്കുലേഴ്സ്, തിരിച്ചറിയൽ രേഖ, പ്രൊഫൈലിൽ നൽകിയിട്ടുള്ള മാതൃകയിൽ സിവിൽ സർജനിൽ കുറയാത്ത മെഡിക്കൽ ഓഫീസറിൽ നിന്നും നേടിയ മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ തങ്ങളുടെ പ്രൊഫൈലിൽ അപ് ലോഡ് ചെയ്ത ശേഷം അസ്സലുമായി ഗ്രൗണ്ടിൽ ഹാജരാകേണ്ടത്. ഡ്രൈവിംഗ് പ്രായോഗിക പരീക്ഷയിൽ യോഗ്യരാകുന്ന ഉദ്യോഗാർത്ഥികൾക്ക് അതേ ദിവസം അതത് മേഖലാ ഓഫീസുകളിൽ വച്ച് പ്രമാണ പരിശോധന നടത്തുന്നതാണ്. ടി പരീക്ഷ സംബന്ധിച്ച് അറിയിപ്പ് ലഭിച്ചിട്ടില്ലാത്തവർ ആസ്ഥാന ആഫീസുമായി ബന്ധപ്പെടേണ്ടതാണ്.